പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5778 29.07.2015-ൽ മറുപടിയ്ക്ക്

## വയനാട് ജില്ലാ സ്റ്റേഡിയത്തിന്റെ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.വി.ശ്രേയാംസ്കുമാർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | വയനാട് ജില്ലാ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ ; | (എ), (ബി) & (സി) | വയനാട് മുണ്ടേരിയിലെ കോവക്കുനി എന്ന സ്ഥലത്ത് 7 ഏക്കർ 88 സെന്റ് സ്ഥലത്താണ് ജിനചന്ദ്ര സ്റ്റേഡിയം നിർമ്മിക്കുന്നത്.<br>29.07.2010-ലെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റിയോഗം ജിനചന്ദ്ര സ്റ്റേഡിയം നിർമ്മാണത്തിനായി പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സമർപ്പിച്ച 4.85 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുക യുണ്ടായി. പദ്ധതിയുടെ ആദ്യഘട്ട പ്രവൃത്തികൾക്കായി 11.01.2010-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി) നം.188/10/പൊ.വി.വ പ്രകാരം 108.078 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>എഗ്രിമെന്റ് പ്രകാരം അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകിയ 1.08 കോടി രൂപയിൽ 30 ലക്ഷം രൂപ അഡ്വാൻസായി 21.10.2010-ൽ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകിയിട്ടുണ്ട്. |
| (ബി) | 1988-ൽ സ്റ്റേഡിയത്തിനാവശ്യമായ സ്ഥലം ലഭിച്ചിട്ടും സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | | |
| (സി) | സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | | |

എന്നാൽ സ്റ്റേഡിയത്തിലേയ്ക്കുള്ള റോഡ്, കൽപ്പറ്റ മുനിസിപ്പാലിറ്റി ടാർ ചെയ്ത് ഉയർത്തിയപ്പോൾ വെള്ളം മുഴുവൻ സ്റ്റേഡിയത്തിലേക്ക് ഒഴുകിയെത്തി സ്റ്റേഡിയം ചെളിക്കുണ്ടാ കുന്നുവെന്നതിനാൽ Earth work filling കൂടി ഉൾപ്പെടുത്തി 6.65 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സമർപ്പിക്കുകയുണ്ടായി. ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 14.08.2014-ലെ സർക്കാർ ഉത്തരവ് നം.സ.ഉ.(ആർ.ടി)നം.180/14/കാ.യു.വ പ്രകാരം ജിനചന്ദ്ര സ്റ്റേഡിയം നിർമ്മാണത്തിലെ ക്രമക്കേടുകളെ കുറിച്ച് അന്വേഷിക്കുവാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതല പ്പെടുത്തുകയുണ്ടായി. കൂടാതെ സ്റ്റേഡിയം നിർമ്മാണത്തിനായി കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനു മായുള്ള കരാർ സർക്കാരിന് നഷ്ടം വരാത്തരീതിയിൽ ഉടൻ അവസാനി പ്പിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയെ ചുമതല പ്പെടുത്തുകയും ചെയ്തു. ജിനചന്ദ്ര സ്റ്റേഡിയം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അവശേഷി ക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കണക്കാക്കി ടെൻഡർ ചെയ്യുന്നതിന് നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് മുഖാന്തിരം കിറ്റകോയെ ഏൽപ്പിക്കുകയും ടി എസ്റ്റിമേറ്റ് പ്രകാരമുള്ള പുതുക്കിയ ഭരണാനുമതി തേടുന്നതിനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന് ബാക്കി തുകയായ 41,73,114/- രൂപ നൽകുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളു ന്നതിനായി ടി പ്രവൃത്തി സംബന്ധിച്ച് റിപ്പോർട്ട്

സമർപ്പിക്കുവാൻ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ശ്രീ.കെ.എസ്.ബാബുവിനെ 12.11.2014-ന് ചുമതലപ്പെടുത്തുകയുണ്ടായി. ശ്രീ.കെ.എസ്.ബാബു സമർപ്പിച്ച റിപ്പോർട്ടിൽ ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 41,73,144/- രൂപ നൽകി കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപറേഷന്റെ കോൺട്രാക്ട് അവസാനിപ്പിക്കുവാനുള്ള അനന്തര നടപടികൾ സ്വീകരിച്ച്വരുന്നു.

Manju M

**സെക്ഷൻ ഓഫീസർ**